(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സംഭവങ്ങളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഏതെല്ലാം എന്ന് വെളിപ്പെടുത്താമോ;

(സി) ഇതിൽ ഓരോ ജുഡീഷ്യൽ അന്വേഷണത്തിന്റെയും ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനകം ഏതെല്ലാം അന്വേഷണ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഇ) സർക്കാരിനു ലഭിച്ച റിപ്പോർട്ടിൽ മേൽനടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെകൊടുക്കുന്ന സംഭവങ്ങൾ സംബന്ധിച്ച് 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്:

1. തിരുവനന്തപുരം തുമ്പയിൽ 2001 ഡിസംബറിൽ പോലീസ് വെടിവെയ്പിനിടയായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് ശ്രീ. ജി. രാജപ്പൻ ആചാരി കമ്മീഷനെ നിയോഗിച്ചു.

2. കോട്ടയം കുമരകത്ത് 2002 ജൂലായിൽ ഉണ്ടായ ബോട്ടപകടത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ജസ്റ്റീസ് കെ. നാരായണക്കുറുപ്പ് കമ്മീഷനെ നിയോഗിച്ചു.

3. കൊല്ലം കുപ്പണയിൽ അടുത്ത കാലത്തുണ്ടായ മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ജസ്റ്റീസ് ടി. കെ. ചന്ദ്രശേഖരദാസ് കമ്മീഷനെ നിയോഗിച്ചു.

4. 2003 മേയ് മാസത്തിൽ കോഴിക്കോട് മാറാടുണ്ടായ വർഗ്ഗീയ സംഘട്ടനത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. കമ്മീഷനെ നിയമിച്ചിട്ടില്ല.

(സി) അനുബന്ധമായി ചേർത്തിരിക്കുന്ന വിജ്ഞാപനങ്ങൾ കണ്ടാലും. †

(ഡി, ഇ) ഈ ഗവൺമെന്റ് നിയമിച്ച ജസ്റ്റീസ് കെ. നാരായണകുറുപ്പ് കമ്മീഷൻ 30-3-2003-ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ആയത് പരിശോധിച്ചുവരികയാണ്.

കോടതികളിലെ തീർപ്പാക്കാത്ത കേസുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി

75 [5219] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
„ പി. സി. ജോർജ്:
„ മഞ്ഞളാംകുഴി അലി:
„ കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വിവിധ കോടതികളിൽ തീർപ്പാക്കാതെ എത്ര കേസുകളാണ് കെട്ടിക്കിടക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) തീർപ്പാകാത്ത ഈ കേസുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കൂടുതൽ മുൻസിഫ് മജിസ്ട്രേറ്റ്, കുടുംബ കോടതികൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ഇ) കൂടുതൽ കോടതികൾ ആരംഭിക്കാൻ കേന്ദ്രത്തിൽനിന്ന് എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ കോടതികളിൽ ഹൈക്കോടതി ഉൾപ്പെടെ 31-12-2002 വരെ ഏകദേശം 814,455 കേസുകൾ തീർപ്പാക്കാനുണ്ട്.

(ബി) കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സംസ്ഥാനത്ത് 27 ഫാസ്റ്റ് ട്രാക്ക് കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കോടതികളുടെ പ്രവർത്തനം സുപ്രീം കോടതി ഓരോ മൂന്നുമാസം കൂടുമ്പോഴും അവലോകനം ചെയ്തുവരുന്നു.

(സി) മുൻസിഫ്, മജിസ്ട്രേറ്റ് കോടതികൾ തുടങ്ങുന്നതിനുള്ള നിർദ്ദേശമൊന്നും തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. കൂടുതൽ കുടുംബകോടതികൾ സ്ഥാപിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(ഡി) കുടുംബ കോടതികൾക്ക് കേന്ദ്ര സഹായം ലഭിക്കുമെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.

(ഇ) തിരുവല്ല, കണ്ണൂർ എന്നീ കുടുംബകോടതികൾക്ക് കേന്ദ്രവിഹിതമായി 30 ലക്ഷം രൂപ 2002-03 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട്.

അബ്കാരി കോടതി സ്ഥാപിക്കുന്നതിനുള്ള കാലതാമസം

76 [5220] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര അബ്കാരി കോടതി സ്ഥാപിക്കുന്നതിനുള്ള സർക്കാർ തീരുമാനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മുമ്പ് ഇവിടെ പ്രവർത്തിച്ചിരുന്ന കോടതികൾ പുതിയ കോംപ്ലക്സിൽ മാറ്റിയതിനുശേഷം പഴയ കോടതികളിൽ എന്തെങ്കിലും പ്രവർത്തനമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly